പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *166

12.02.2013- ലെ മറുപടിക്ക്.

## പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് :<br>ശ്രീ.സി.മമ്മൂട്ടി :<br>ശ്രീ.പി.ബി.അബ്ദുൾ റസാക് : | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന എല്ലാ മേജർ പ്രോജക്ടുകളുടെയും പ്രവർത്തനപുരോഗതി വിലയിരുത്താൻ മാത്രം ചുമതലപ്പെട്ട ഒരു കേന്ദ്രീകൃത സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം നല്കാമോ ; | (എ) | സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സെക്രട്ടറി എന്നിവർ അടങ്ങിയ ഒരു കോർ ഗ്രൂപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രോജക്ടുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (ബി) | സമയപരിധി നിശ്ചയിച്ച് ആരംഭിക്കുന്ന പദ്ധതികൾ ബഹുഭൂരിപക്ഷവും ഉദ്ദേശിച്ച സമയപരിധിയിൽ പൂർത്തിയാകാതെ സംസ്ഥാനത്തിന് അധിക ബാദ്ധ്യത വരുത്തിവയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ അങ്ങനെ സംഭവിക്കാൻ ഇടയാക്കുന്ന പൊതുവായകാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (സി) | വിവിധ തലങ്ങളിലെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം, സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുതലായവയാണ് പ്രധാന കാരണങ്ങൾ. |
| (ഡി) | അത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | സംസ്ഥാന ആസൂത്രണ ബോർഡും കോർ ഗ്രൂപ്പും പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. |

Bijumon

സെക്ഷൻ ഓഫീസർ